# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4481 — 21/03/2018-ൽ മറുപടിക്ക്

## നീതി ആയോഗ് നടത്തിയ പഠന റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | ഇന്ത്യൻ സംസ്ഥാനങ്ങളിലെ ആരോഗ്യമേഖലയെ വിലയിരുത്തി നീതി ആയോഗ് നടത്തിയ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | നീതി ആയോഗ് പുറത്തിറക്കിയ "Healthy States, Progressive India" എന്ന പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആരോഗ്യ സൂചികകൾ, ഭരണ സംവിധാനം, ആരോഗ്യ സംവിധാനത്തിന്റെ ദൃഢത എന്നിവ അളക്കുന്നതിനായി സൂചികകൾ ഉപയോഗിച്ചാണ് സ്കോറിംഗ് നടത്തിയിരിക്കുന്നത്. |
| ബി) | ഏത് വർഷം അടിസ്ഥാനമാക്കി എടുത്തുകൊണ്ടാണ് വിവിധ ആരോഗ്യ സൂചികകളും ഭരണ കാര്യക്ഷമതയും നേട്ടങ്ങളും കോട്ടങ്ങളും പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ; | ബി) | 2014-15 വർഷത്തെ ബേസ് ഇയറായും (base Year) 2015-16 നെ റഫറൻസ് ഇയറായും (reference year) കണക്കാക്കിയാണ് സൂചികകൾ നിർണ്ണയിച്ചിട്ടുള്ളത്. |
| സി) | ശിശുമരണ നിരക്ക്, ആയുർദൈർഘ്യം തുടങ്ങിയ സൂചികകളിൽ വികസിത രാജ്യങ്ങളോടൊപ്പം സംസ്ഥാനത്തിന് സ്ഥാനം ലഭിച്ചിട്ടുണ്ടോ ; ഏതൊക്കെ സൂചികകളിലാണ് സംസ്ഥാനം മുന്നിട്ട് നിൽക്കുന്നത് വിശദീകരിക്കാമോ ; | സി) | Neonatal Mortality Rate (NMR) (ജനിച്ച ആദ്യ 28 ദിവസത്തെ കുട്ടികളുടെ മരണനിരക്ക്) ആണ് നീതി ആയോഗ് റാങ്കിങ്ങിനായി പരിഗണിച്ചിട്ടുള്ളത്. രാജ്യത്തെ ഏറ്റവും കുറഞ്ഞ എൻ.എം.ആർ ആണ് കേരളത്തിന്റേത് സുസ്ഥിര വികസന ലക്ഷ്യങ്ങളിലൂടെ 2030 ഓടെ 12 ൽ താഴെയാക്കുക എന്ന ലക്ഷ്യം കൈവരിച്ച രാജ്യത്തെ ഏക സംസ്ഥാനം കേരളമാണ് എന്ന് റിപ്പോർട്ട് എടുത്തു പറയുന്നു. Under Five Mortality Rate (U5MR) (അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക്) ആണ് പരിഗണിക്കപ്പെട്ട മറ്റൊരു സൂചിക. കേരളത്തിന്റെ U5MR 13/1000 live births ആണ്. 2017 ൽ കേന്ദ്ര സർക്കാർ പുറത്തിറക്കിയ കേന്ദ്ര ആരോഗ്യ നയത്തിൽ 2025 U5MR 23/1000 live births ആയി കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം കേരളം നേരത്തെ തന്നെ പൂർത്തീകരിച്ചിരിക്കുന്നു. ആയുർദൈർഘ്യം ഒരു മാനദണ്ഡമായി നീതി ആയോഗ് പരിഗണിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ഏതെങ്കിലും സൂചികകളിൽ സംസ്ഥാനം പിന്നോട്ട് പോയതായി റിപ്പോർട്ട് സൂചിപ്പിക്കുന്നുണ്ടോ; എങ്കിൽ സംസ്ഥാനം പുറകോട്ട് പോകുവാൻ ഉണ്ടായ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;വിശദാംശങ്ങൾ നൽകുമോ? | ഡി) | കുട്ടികളിലെ ജനനസമയത്തെ ഭാരക്കുറവ് ബേസ് ഇയറിൽ നിന്ന് റഫറൻസ് ഇയറിലേക്ക് 10.8%ൽ നിന്നും 11.7% ആയി ഉയർന്നിട്ടുണ്ട്. ഗർഭാവസ്ഥയിലെ പോഷകാഹാര കുറവ്, വിളർച്ച മറ്റ് സങ്കീർണ്ണതകൾ എന്നിവ മൂലം കുട്ടികൾക്ക് ജനനസമയത്ത് ഭാരക്കുറവ് ഉണ്ടാകാം. ഇത് പരിഹരിക്കുന്നതിനും മാതൃശിശു ആരോഗ്യം സംരക്ഷിക്കുന്നതിനും സാമൂഹ്യ നീതി വകുപ്പ്, വനിതാ ശിശുക്ഷേമ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവർ യോജിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. കേരളത്തിലെ കുട്ടികളുടെ സ്ത്രീ പുരുഷ അനുപാതം രാജ്യത്തെ ഏറ്റവും മികച്ചതാണ് എങ്കിലും 2012-14 ൽ 974 ആയിരുന്നത് 2013-15 ൽ 967 ആയി കുറഞ്ഞിട്ടുണ്ട്. PCPNDT നിയമം സർക്കാർ ശക്തമായി നടപ്പാക്കുന്നതാണ്. മുഴുവൻ കുത്തിവയ്പ്പുകളും എടുത്ത 9-11 മാസം വരെ പ്രായമുള്ള കുട്ടികളുടെ ശതമാനത്തിൽ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനായി ടോട്ടൽ ഇമ്മ്യൂണൈസേഷൻ കേരള മിഷൻ ഇന്ദ്രധനുഷ്, ഇന്റൻസിഫൈഡ് മിഷൻ ഇന്ദ്രധനുഷ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങളുടെ സൂചികയിലും നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. (96%ൽ നിന്നും 92.6 %ലേക്ക്) ശതമാനങ്ങൾ കണക്കാക്കുന്നതിന് നീതി ആയോഗ് ടാർഗറ്റുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതുമൂലമാണ് ഈ കുറവുണ്ടായിരിക്കുന്നത്. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ 2014-15 ൽ 836 പ്രസവങ്ങളും 2015-16 ൽ 729 പ്രസവങ്ങളുമാണ് ആശുപത്രിക്ക് പുറത്തു നടന്നത്. |

സെക്ഷൻ ഓഫീസർ